## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1419      14.6.2013-ൽ മറുപടിക്ക്

ഗ്രീൻ ടെക്നോളജി സെന്ററിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സീറോ വേസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹകരണത്തോടെ' ഗ്രീൻ ടെക്നോളജി സെന്റർ' ആരംഭിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ; | എ) & ബി) | തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്റർ ആരംഭിക്കുന്നതിനായി ഭൗമശാസ്ത്ര പഠന കേന്ദ്രം ഒരു പദ്ധതിരേഖ തയ്യാറാക്കുകയും ആയത് കേരളശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് സാമ്പത്തിക സഹായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | | |
| സി) | സീറോ വേസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി മറ്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | സി) | സീറോവേസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്നതിലേയ്ക്ക് ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനും, ദ്രവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനും അവയിൽ നിന്നും ഉപയോഗപ്രദമായ വസ്തുക്കൾ വേർതിരിച്ചെടുക്കാനും പുനഃരുപയോഗ പുനഃചംക്രമണത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ